## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1767** **05-07-2022 - ൽ മറുപടിയ്ക്ക്**

## കെ .എസ് .ആർ .ടി. സി - സ്വിഫ്റ്റ് കമ്പനി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനി ആരംഭിച്ചത് എന്നാണ്; ഇതിനായി സർക്കാരും കെ.എസ്.ആർ.ടി. സി- യും മുടക്കിയ തുക എത്രയാണ്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 09.11.2021 തീയതിയിൽ രജിസ്ട്രേഷൻ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്താണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി ആരംഭിച്ചത്. 19.03.2022-ലെ സ.ഉ.(കൈ) നം. 5/2022/TRANS പ്രകാരം 2.875 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപ ഷെയർ കാപ്പിറ്റൽ ആണ്. |
| (ബി) | കെ സ്വിഫ്റ്റ് ബസ്സുകൾ ആരംഭിച്ചതു മുതൽ നാളിതുവരെ എത്ര സർവീസുകൾ നടത്തിയിട്ടുണ്ട് ; ഇതിൽ നിന്നും ലഭിച്ച ആകെ വരുമാനം എത്ര ; നാളിതുവരെ എത്ര തുക ചെലവു വന്നിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ആരംഭിച്ചതു മുതൽ 27.6.2022 വരെ 2613 സർവീസുകൾ നടത്തിയിട്ടുണ്ട്. ആകെ വരുമാനം 12,44,69,509/- (27.06.2022-ലെ കണക്ക് അനുസരിച്ച്)<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി രൂപീകരണം, ഉദ്യോഗസ്ഥരുടെ ശമ്പളം, ഉദ്ഘാടന ചെലവുകൾ, വാഹന രജിസ്ട്രേഷൻ, മറ്റ് അനുബന്ധ ചെലവുകൾ എന്നീ ഇനങ്ങളിലായി നാളിതുവരെ ഏകദേശം 2.02 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന വകയിൽ, കിലോമീറ്റർ ഉപഭോഗത്തിന് നൽകേണ്ട വാടക സംബന്ധിച്ച അന്തിമ കരാർ പൂർത്തിയാകാത്തതിനാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ദൈനംദിന പ്രവർത്തന ചെലവുകൾക്കായി 1.75 കോടി രൂപ കൂടി വാടക ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിനായി ഡീസൽ നൽകിയ വകയിൽ നാളിതുവരെ ഏകദേശം 3.65 കോടി രൂപയോളം ചെലവ് വന്നിട്ടുണ്ട്. |
| (സി) | കെ സ്വിഫ്റ്റിന്റെ വരുമാനത്തിൽ നിന്നും നിശ്ചിത ശതമാനം തുക കെ. എസ്. ആർ. ടി. സി. ക്ക് | (സി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ വരുമാനം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ തന്നെയാണ് ഒടുക്കുന്നത്. |

| | | | |
|---|---|---|---|
| | നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യാണ് നടത്തുന്നത്. ഇതിന് പ്രതികിലോമീറ്റർ അടിസ്ഥാനത്തിൽ ലീസിന്റെ ചെലവ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് നൽകുന്നുണ്ട്. വരുമാനം കെ.എസ്.ആർ.ടി.സി.യിലാണ് അടയ്ക്കുന്നത്. |
| (ഡി) | കെ. എസ്. ആർ. ടി. സി-യുടെ എന്തെല്ലാം സൗകര്യങ്ങൾ കെ സ്വിഫ്റ്റിനുവേണ്ടി ഉപയോഗിക്കുന്നുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ ? | (ഡി) | സ.ഉ.(കൈ) നം. 58/2021/TRANS തീയതി 11.12.2021 എന്ന സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഉടമസ്ഥതയിൽ ബസ്സുകളുടെ സർവീസ് ഓപ്പറേഷൻസ് നിർവഹിക്കുന്നത് കെ.എസ്.ആർ.ടി.സി.യാണ്. ഇതിനാവശ്യമായ സൗകര്യങ്ങളെല്ലാം ഉപയോഗിക്കുന്നുണ്ട്. എന്നാൽ ബസ് ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ഡ്രൈവർ കം കണ്ടക്ടറിനെ നിയോഗിക്കുന്നത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ആണ്.<br><br>കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനും റൂട്ടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസുകൾക്കായി ഉപയോഗിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി സർവ്വീസ് ആയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ഓപ്പറേറ്റ് ചെയ്യുന്നത്. ബസ്സും ക്രൂവും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലഭ്യമാക്കി കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസ് നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും കെ.എസ്.ആർ.ടി.സി.യുടേതാണ് ഉപയോഗിക്കുന്നത്. കിലോമീറ്റർ അടിസ്ഥാനത്തിൽ വാടക നൽകിയാണ് ബസ്സും ക്രൂവും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലഭ്യമാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

**Abstract**

Transport Department – KSRTC-SWIFT Ltd. - Release of Rs. 287.50 lakh towards preliminary expense of the Company by converting Rs. 1 Crore as Share Capital of Government - Orders issued.

---

## TRANSPORT (A) DEPARTMENT

**G.O.(Ms)No.5/2022/TRANS Dated, Thiruvananthapuram: 19.03.2022.**

---

Read: - 1. G.O.(Ms) No. 58/2021/Tran dated 11.12.2021.
2. Letter No. KSWIFT/09/2021 dated 22.06.2021 & 20.12.2021 from the Chairman & Managing Director, KSRTC-SWIFT.

## ORDER

In the Government Order read as 1st paper above, a legally independent company under the name KSRTC-SWIFT Ltd. was formed for the purpose of efficient and economic operation of the new buses purchased by availing loan from KIIFB and also for the long distance / Super Class services of KSRTC after entering an agreement with KSRTC for sharing the operational surplus as user charges license fees, for the bus and bus routes as well as for availing services such as depots, maintenance services, ticketing services as per the objectives and features mentioned therein. As per the letter read as 2nd paper above, the Chairman & Managing Director, KSRTC-SWIFT Ltd. has informed that the initial works related to the company are in progress and requested to allot an amount of Rs. 575 lakh from the allocation of Rs. 15 Crore, for meeting the preliminary expenses.

2. Government have examined the matter in detail and hereby release and amount of Rs.287.5 lakh (50% of 575 lakh), by converting Rs. 1 Crore (One Crore

only) as Share Capital of Government from the Head of account '7055-00-190-93', for meeting the preliminary expenses of KSRTC-SWIFT Ltd.

By order of the Governor
**BIJU PRABHAKAR**
**SECRETARY**

To,

The Chairman & Managing Director, KSRTC-SWIFT Ltd.
The Principal Accountant General (A&E)/Audit, Kerala, Thiruvananthapuram.
The District Treasury Officer, District Treasury, Thiruvananthapuram.
The Sub Treasury Officer, Secretariat Sub Treasury, Thiruvananthapuram.
The Planning & Economic Affairs Department.
Finance (Planning B) Department
Finance (PU-A) Department
The General Administration (SC) Department
(vide item No. 614 dated 16.03.2022)
The Information & Public Relations (Web & New Media) Department
(For uploading the Government Order in the official website)
Stock File /Office Copy

Copy to:- APS to Minister (Transport)
P.A. to Secretary (Transport)

Forwarded/By order

Section Officer